## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *3615* 23.06.2014-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. ബസുകളിലെ സീറ്റ് സംവരണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി : | | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രക്കാരുടെ സീറ്റുകളുടെ സംവരണ ക്രമം എങ്ങനെയാണ്; | (എ) യും (ബി) യും | വോൾവോ, എ.സി എന്നിവ ഒഴികെയുള്ള എല്ലാ കെ.എസ്.ആർ.ടി.സി ബസ്സുകളിലും 25% സീറ്റുകൾ സ്ത്രീകൾക്കായി സംവണം ചെയ്തിട്ടുണ്ട്. റിസർവ്വേഷൻ ഉള്ളതും ഇല്ലാത്തതുമായ ദീർഘദൂര ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ സർവ്വീസുകളിൽ വനിതകൾക്ക് മാത്രമായി ഡ്രൈവറുടെ സീറ്റിന് പുറകിലുള്ള 3 സീറ്റുകളും ബാക്കി തൊട്ടുപുറകിലുള്ള 9 സീറ്റുകളും മുൻഗണനാക്രമത്തിലും സംവരണം ചെയ്തിട്ടുണ്ട്. മുൻഗണനാക്രമത്തിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ സർവ്വീസ് തുടങ്ങുന്ന സ്ഥലത്ത് വനിതകൾ ഇല്ലെങ്കിൽ മാത്രം പുരുഷന്മാർക്ക് അനുവദിക്കാവുന്നതും യാത്രക്കിടയിൽ സ്ത്രീകൾ ആവശ്യപ്പെടുകയാണെങ്കിൽ മുൻഗണനക്രമത്തിലുള്ള സീറ്റുകൾ ഒഴിഞ്ഞുകൊടുക്കാൻ പുരുഷന്മാരോട് കണ്ടക്ടർ ആവശ്യപ്പെടേണ്ടതാണെന്നും, അത് വനിതകൾക്ക് ലഭ്യമാക്കേണ്ടതുമാണെന്നുമാണ് ഉത്തരവ് നൽകിയിട്ടുള്ളത്. ഓൺ ലൈൻ റിസർവ്വേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള എല്ലാത്തരം സർവ്വീസുകളിലും 2 സീറ്റുകളും, മറ്റ് എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും 8 സീറ്റുകൾ (4 സീറ്റുകൾ വീതം) മുതിർന്ന പുരുഷന്മാർക്കും സ്ത്രീകൾക്കുമായി സംവരണം ചെയ്തിട്ടുണ്ട്. |
| (ബി) | എല്ലാത്തരം ബസ്സുകളിലും സീറ്റുകളുടെ സംവരണ രീതി ഒന്നുതന്നെയാണോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഇതിൽ മുതിർന്ന സ്ത്രീകളുടെ സീറ്റ് നിലവിലെ സ്ത്രീകളുടെ സീറ്റിന് അടുത്തായി ക്രമീകരിച്ചിട്ടുണ്ട്. റിസർവ്വേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകളിൽ 2 സീറ്റുകൾ വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ളതും അതിൽ വികലാംഗരായ സ്ത്രീകളുടെ സീറ്റ് വാതിലിന് സമീപമുള്ള സ്ത്രീകളുടെ സീറ്റിന് അടുത്തായി ക്രമീകരിച്ചിട്ടുമുണ്ട്. റിസർവ്വേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകളിൽ അന്ധർക്കായി ഒരു സീറ്റും സംവരണം ചെയ്തിട്ടുണ്ട്. |
| (സി) | നിലവിലുണ്ടായിരുന്ന സംവരണ ക്രമത്തിൽ അടുത്തിടെ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (സി) | വികലാംഗരുടെയും മുതിർന്ന പൗരന്മാരുടെയും ആവശ്യപ്രകാരം അവരുടെ സീറ്റ് സംവരണത്തിൽ ചുവടെ പറയുന്ന രീതിയിൽ അടുത്തിടെ മാറ്റം വരുത്തിയിട്ടുണ്ട്:<br>വികലാംഗർക്കുള്ള സീറ്റ് വികലാംഗ സ്ത്രീക്കും, വികലാംഗ പുരുഷനുമായി മാറ്റി തീരുമാനിച്ചിട്ടുണ്ട്. വികലാംഗരായ സ്ത്രീകളുടെ സീറ്റ് വാതിലിന് സമീപമുള്ള സ്ത്രീകളുടെ സീറ്റിന് അടുത്തായി ക്രമീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് റിസർവ്വേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകളിൽ സംവരണം ചെയ്തിരുന്ന 2 സീറ്റുകൾ എന്നത് മാറ്റം വരുത്തി ഓൺലൈൻ റിസർവ്വേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള എല്ലാത്തരം സർവ്വീസുകളിലും 2 സീറ്റുകളും, മറ്റ് എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും 8 സീറ്റുകൾ (4 സീറ്റുകൾ വീതം) മുതിർന്ന പുരുഷന്മാർക്കും സ്ത്രീകൾക്കുമായി സംവരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ